**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **12-02-2025 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറണമെന്നുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്-66 ന് സമീപം കണ്ടെത്തിയ പുറമ്പോക്ക് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറണമെന്നുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (എ) | അരൂർ വില്ലേജിൽ സർവ്വേ നമ്പർ 13/5B ൽ ഉൾപ്പെട്ട 25.50 ആർസ് (62.98 സെന്റ്) സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുവദിച്ച് നൽകണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് ആഭ്യന്തര (ഇ) വകുപ്പ് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു.<br><br>പ്രസ്തുത സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരവെ അരൂർ ദേവസ്വം കാർത്ത്യായനി ദേവീ ക്ഷേത്രത്തിന്റെ കൈവശത്തിലുള്ള ടി ഭൂമി കൈമാറുന്നതിനെതിരെ ക്ഷേത്രം അഡ്വൈസറി കമ്മിറ്റി ബഹു. ഹൈക്കോടതിയിൽ ഡി.ബി.പി. നമ്പർ 8/2023 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ 16.08.2023-ലെ ബഹു ഹൈക്കോടതി വിധിന്യായത്തിൽ ടി കേസിന് ആധാരമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിന് അഞ്ചാം എതിർ കക്ഷിയായ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ അരൂർ വില്ലേജിലെ സർവ്വേ നമ്പർ 13/5B 1 ൽ പ്പെട്ടതും ടി കേസിന് ആധാരമായതുമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിനായി റവന്യൂ രേഖകൾ (സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ, ബി.ടി.ആർ മുതലായവ ) പരിശോധിച്ചും, ട്രാവൻകൂർ ദേവസ്വം ബോർഡിനും അരൂർ കാർത്ത്യായനി ദേവീ ക്ഷേത്ര അഡ്വൈസറി കമ്മിറ്റിക്കും രേഖകൾ സമർപ്പിക്കുന്നതിന് അവസരം നല്കിയ ശേഷം ടി രേഖകളും പരിശോധിച്ചും വ്യക്തമായ |

| | | | |
|---|---|---|---|
| | | | ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ